പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. **618**

**02.04.2018** ൽ മറുപടിക്ക്

**ധാതുക്കളുടെ അനധികൃത ഖനനവും കടത്തും തടയാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ്<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. എം. സ്വരാജ് | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ധാതുക്കളുടെ അനധികൃത ഖനനം, കടത്ത് എന്നിവ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് അനധികൃത ധാതുഖനനം, കടത്ത് എന്നിവ കണ്ടെത്തി തുടർനടപടികൾ സ്വീകരിക്കുന്ന തിന് മൈനിംഗ് & ജിയോളജി വകുപ്പിന് കീഴിലുള്ള 14 ജില്ലാ ഓഫീസുകൾ, 3 മിനറൽ സ്ക്വാഡുകൾ എന്നിവ സ്ഥലപരിശോധനകളും വാഹനകടത്തു പരിശോധനയ്ക്കായി റോഡ് ചെക്കിംഗും നടത്തി വരുന്നു. അനധികൃത ധാതുഖനനം കണ്ടെത്തുന്ന പക്ഷം ആയത് ഉടനടി നിറുത്തിവയ്പിക്കുന്നതിന് സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകുകയും അനധികൃത ഖനനം തുടരുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് വിവരം പോലീസ്/ പഞ്ചായത്ത്/ റവന്യൂ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു. തുടർന്ന് അനധികൃത ഖനനം വഴി സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം പരിഹരിക്കുന്നതിന് നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി റോയൽറ്റി, വില, പിഴ എന്നിവ ഈടാക്കുന്നു. വകുപ്പ് നൽകുന്ന നോട്ടീസുകൾക്ക് വിധേയമായി ടി തുക അടയ്ക്കുവാൻ സ്ഥലമുടമ വിസമ്മതിക്കുന്ന പക്ഷം റവന്യൂ റിക്കവറി നടപടികൾക്ക ശുപാർശ ചെയ്യുകയും ചെയ്യുന്നു. കൂടാതെ കണ്ടെത്തുന്ന അനധികൃത ഖനനത്തിൽ റോയൽറ്റി/വില/പിഴ എന്നിവ ഒടുക്കി കുറ്റം രാജിയാക്കുവാൻ ബന്ധപ്പെട്ട വ്യക്തികൾ തയാറാകാത്ത സാഹചര്യങ്ങളിൽ ടി വ്യക്തികൾ ക്കെതിരെ ബന്ധപ്പെട്ട ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്യുന്നതിന് ജില്ലാ ജിയോളജിസ്റ്റ്/ അസിസ്റ്റന്റ് ജിയോളജിസ്റ്റുമാർ എന്നിവർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി കേരള മിനറൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;<br>(സി) ഈ മേഖലയിൽ മൈനിംഗ് & ജിയോളജി വകുപ്പ് നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണ്; | (ബി) & (സി) മൈനിംഗ് & ജിയോളജി വകുപ്പിന് കീഴിൽ 3 മിനറൽ സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ആസ്ഥാനമായി തെക്കൻ മേഖലാ സ്ക്വാഡും തൃശ്ശൂർ ആസ്ഥാനമായി മദ്ധ്യമേഖലാ സ്ക്വാഡും കോഴിക്കോട് ആസ്ഥാനമായി വടക്കൻ മേഖലാ സ്ക്വാഡും പ്രവർത്തിക്കുന്നു. മിനറൽ സ്ക്വാഡുകൾ അതാതു അധികാര പരിധിയിൽപ്പെട്ട ജില്ലകളിൽ പര്യടനം നടത്തി, അനധികൃത |

കടത്തിലേർപ്പെടുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും നിയമാനുസൃത പിഴ ഈടാക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട മജിസ്ട്രേറ്റ് കോടതികളിൽ കേസ് ഫയൽ ചെയ്യുകയോ ചെയ്യുന്നു. കൂടാതെ സ്ക്വാഡുകൾ തങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ജില്ലകളിൽ നിരന്തര പരിശോധന നടത്തി, അനധികൃത ഖനനം നടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി, തുടർഖനനം നിർത്തി വയ്പിക്കുന്നതിനും സർക്കാരിലേയ്ക്ക് ഈടാക്കേണ്ട റോയൽറ്റി, കൂടാതെ വില, പിഴ എന്നിവയും ഈടാക്കുന്നതിനും തുക ഈടാക്കി കുറ്റം രാജിയാക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ അടക്കം സ്വീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ ലൈം ഷെല്ലിന്റെ അനധികൃത ഖനനവും കടത്തും ചേർത്തല താലൂക്കിലെ അനധികൃത സിലിക്കാ മണൽ ഖനനവും തടയുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(ഡി) ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിലെ അനധികൃത സിലിക്ക മണൽ ഖനനവും കടത്തും തടയുന്നതിനായി 2012 ൽ രൂപീകൃതമായ സ്പെഷ്യൽ സ്ക്വാഡ് കാര്യക്ഷമമായിതന്നെ പ്രവർത്തിച്ചുവരുന്നു. എന്നിരിക്കിലും ഇവയുടെ പ്രവർത്തനത്തിൽ കൂടുതൽ പുരോഗതി ആവശ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

Manjith

**സെക്ഷൻ ഓഫീസർ**